(ഇ) തുടർന്നുള്ള ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

നാട്ടിക മണ്ഡലത്തിൽ നബാർഡ് പദ്ധതികൾ

21 (7318) ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാട്ടിക നിയോജകമണ്ഡലത്തിൽ നബാർഡിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തികളിൽ നിർമ്മാണം പൂർത്തിയായവയും അല്ലാത്തതുമായവ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പൂർത്തിയാവാത്ത നിർമ്മാണ പ്രവൃത്തികൾ എന്ന് തീരുമെന്നും കാലതാമസം ഉണ്ടെങ്കിൽ കാരണവും വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാട്ടിക നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ഒന്നും അനുവദിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

ആറ്റിങ്ങൽ മണ്ഡലത്തിൽ നബാർഡിന്റെ പദ്ധതികൾ

22 (7319) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ 2013 മാർച്ചിനുശേഷം ഇതുവരെ നബാർഡിന്റെ സഹായത്താൽ ഏതെല്ലാം പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രദേശത്ത് നബാർഡിന്റെ സഹായത്തോടെ ഇപ്പോൾ നടന്നുവരുന്ന നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly